## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 435 — 28.06.2011-ൽ മറുപടിക്ക്

**സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാതെ പാറമടകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഇല്ലാതെ പാറമടകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പാറമടകളിൽ ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കി പാറഖനനം നടത്താൻ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ഈ വിഷയം സംബന്ധിച്ച് പഠിക്കുവാൻ സർക്കാർ ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സംസ്ഥാനത്ത് നിലവിൽ ക്വാറികളിൽ നിന്ന് പാറഖനനം നടത്തുവാൻ അനുവാദം നൽകുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ? | (സി) അടുത്തകാലം വരെ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നോ റവന്യു വകുപ്പിൽ നിന്നോ, 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരം അനുവദിക്കുന്ന ക്വാറിയിംഗ് പെർമിറ്റ് ഉപയോഗിച്ച് കരിങ്കൽ ഖനനം നടത്തുവാൻ അനുവാദം നൽകിയിരുന്നു. ആയത് ലഭിക്കുന്നതിന് കരിങ്കൽ ഖനനം നടത്തുന്ന സ്ഥലം സംബന്ധിച്ച് റവന്യു വകുപ്പിൽ നിന്നും ലഭിക്കുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ്, സർവ്വേ മാപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ അപേക്ഷ നൽകുന്നതനുസരിച്ച് ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി 1967ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ പെർമിറ്റ് അനുവദിക്കുന്നു. ക്വാറി സ്ഥലം |

റവന്യൂ പുറമ്പോക്ക് ആണെങ്കിൽ റവന്യൂ വകുപ്പിലെ തഹസിൽദാർ നേരിട്ട് പെർമിറ്റ് അനുവദിക്കുന്നതിനുപുറമേ റവന്യൂ വകുപ്പ് അനുവദിക്കുന്ന എൻ.ഒ.സി-യുടെയും സർവേ മാപ്പിന്റേയും അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും പെർമിറ്റ് അനുവദിക്കുന്നുണ്ട്. എക്സ്പ്ളോസീവ് ലൈസൻസ്, ബ്ളാസ്റ്റ്മാൻ ലൈസൻസ്, പൊലൂഷൻ കൺട്രോൾ ബോഡിന്റെ അനുമതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി എന്നിവകൂടി ലഭിച്ചാൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ